അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമക്കാർക്ക് പ്രൊമോഷൻ

66 (406) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമക്കാർക്ക് പ്രൊമോഷൻ ലഭ്യമാക്കുവാൻ ഏതെങ്കിലും തരത്തിൽ സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സീനിയോരിറ്റി പ്രൊട്ടക്ഷൻ ക്ലോസ്.

കെ.എസ്.ഇ.ബി.യിൽ എ.ഇ.ഇ. തസ്തികയിലേയ്ക്ക് ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽനിന്നും ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽനിന്നും യഥാക്രമം 75:25 എന്ന കമ്പാട്ട പ്രകാരമായിരുന്നു പ്രൊമോഷൻ നൽകിക്കൊണ്ടിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് G.O. (P) No.64/2010/WRD തീയതി 25-9-2010 പ്രകാരം, സീനിയറും യോഗ്യതയുമായ ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാർ ലഭ്യമായിരിക്കെ, ജൂനിയറായ ഡിപ്ലോമക്കാരനായ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാനക്കയറ്റത്തിന് അർഹനല്ല. 11-2-2011-ലെ ബോർഡ് ഉത്തരവ് B.O.(FM) No. 479/2011/CE (HRM) GENL/2/AE-AEE(E) 2011 പ്രകാരം പ്രസ്തുത നിബന്ധന കെ.എസ്.ഇ.ബി.യിലും പ്രാബല്യത്തിൽ വരുത്തി. KSEBL-ൽ ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരേക്കാൾ സീനിയറായി ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരുള്ളതിനാൽ, നിലവിൽ ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി സ്ഥാനക്കയറ്റം നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

(ബി) ഈ വിഷയം കോടതിയുടെ പരിഗണനയിലുള്ളതാകയാൽ കോടതി വിധിക്കനുസൃതമായി മാത്രമേ ബോർഡിന് നടപടി സ്വീകരിക്കാനാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly